**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **1774** **08/06/2018 ൽ** മറുപടിക്ക്

## ഫ്ലക്സ് ബോർഡുകൾ സൃഷ്ടിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.സി.ജോസഫ്**<br>**ശ്രീ.വി.പി.സജീന്ദ്രൻ**<br>**ശ്രീ.അനിൽ അക്കര**<br>**ശ്രീ.ഷാഫി പറമ്പിൽ** | **ഡോ.കെ.ടി. ജലീൽ**<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| എ) | യാതൊരു മാനദണ്ഡവുമില്ലാതെ ഫ്ളക്സ് ബോർഡുകൾ സ്ഥാപിക്കുന്നത് ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) | ഫ്ളക്സ് ബോർഡുകൾ സ്ഥാപിക്കുന്നതിനെതിരെ എന്തെങ്കിലും മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | ബി) 06.11.2014-ലെ സ.ഉ.(കൈ) നം.195/2014/ ത.സ്വ.ഭ.വ നമ്പർ പ്രകാരം സംസ്ഥാനത്ത് പ്ലാസ്റ്റിക് ഫ്ലക്സ് ബോർഡുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഫ്ലക്സ് ബോർഡുകൾക്കും ബാനറുകൾക്കും പകരം റീസൈക്കിൾ ചെയ്യാവുന്നതും പി.വി.സി രഹിതവുമായ പോളി എത്തിലീൻ (പോളിത്തീൻ) നിർമ്മിത വസ്തുക്കളോ അതുപോലുള്ള മറ്റ് വസ്തുക്കളോ ഉപയോഗിക്കുന്നതിന് അനുമതി നൽകി 27/10/2015-ലെ സ.ഉ.(സാധാ)നം.3185/2015/ത.സ്വ.ഭ.വ നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതുപോലെ സർക്കാർ പരിപാടികളുടെ പരസ്യ പ്രചാരണത്തിനായി ഫ്ലക്സ് ബോർഡുകൾ ഉപയോഗിക്കുന്നത് പൂർണ്ണമായും ഒഴിവാക്കണമെന്ന് 14.02.2018 ലെ സി2/274/2017/ഐ&പി.ആർ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | |
|---|---|
| സി) സർക്കാരിന്റെ രണ്ടാം വാർഷികം പ്രമാണിച്ച് സംസ്ഥാനത്തിന്റെ പല ഭാഗത്തും ഫ്ളക്സ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ടോ;അവ സ്ഥാപിച്ചത് പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായിട്ടാണോ; | സി) സർക്കാരിന്റെ രണ്ടാം വാർഷികത്തോട് അനുബന്ധിച്ച് ഫ്ലക്സ് ബോർഡുകൾ സ്ഥാപിക്കുന്നതിന് ഉത്തരവുകളൊന്നും തന്നെ പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ സർക്കാർ വാടകയ്ക്ക് എടുത്തിരുന്ന ഹോർഡിംഗുകളിൽ സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച പരസ്യം സ്ഥാപിക്കുന്നതിനും അവയിൽ ഫ്ലക്സ് പ്രിന്റിംഗ് ഉപയോഗിക്കുന്ന പക്ഷം അവ പ്രകൃതി സൗഹാർദപരമായി റിസൈക്കിൾ ചെയ്യണമെന്നും ബന്ധപ്പെട്ട ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ഡി) ഫ്ളക്സിന് പകരം തുണിയോ പരിസര മലിനീകരണം ഉണ്ടാക്കാത്ത ഏതെങ്കിലും വസ്തുക്കൾ കൊണ്ടോ ഇത്തരം ബോർഡുകൾ സ്ഥാപിക്കുന്നതിനും ഫ്ളക്സിന് നിയന്ത്രണം കൊണ്ടുവരുന്നതിനും നടപടി സ്വീകരിക്കുമോ? | ഡി) പി.വി.സി ഫ്ലക്സിന് പകരമായി തുണിയും റീസൈക്കിൾ ചെയ്യാവുന്നതും പി.വി.സി മുക്തവുമായ പോളി എത്തിലീനും (പോളിത്തീൻ) പോലുള്ള വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിച്ചുകൊണ്ട് പി.വി.സി ഫ്ലെക്സ് നിരോധിക്കുന്നതിന്റെ പ്രായോഗികത സർക്കാർ പരിശോധിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ